**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2812** **28-02-2023 - ൽ മറുപടിയ്ക്ക്**

**മീൻമുട്ടി ടൂറിസ്റ്റ് കേന്ദ്രത്തിൽ വനസംരക്ഷണ സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മീൻമുട്ടി ടൂറിസ്റ്റ് കേന്ദ്രത്തിൽ സ്ഥിരമായി വനസംരക്ഷണ സമിതി രൂപികരിക്കുവാനുള്ള നടപടികൾ പൂർത്തികരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (എ) | സൗത്ത് വയനാട് ഡിവിഷനിലെ മേപ്പാടി റെയിഞ്ചിലെ മീൻമുട്ടി വിനോദ സഞ്ചാര കേന്ദ്രത്തിൽ മീൻമുട്ടി - നീലിമല വനസംരക്ഷണ സമിതി രൂപീകരിക്കുന്നതിനുള്ള പ്രാഥമിക യോഗം 21.01.2023-ന് വിളിച്ചു ചേർത്ത് താൽക്കാലിക കമ്മിറ്റി രൂപീകരിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | പ്രസ്തുത വിനോദസഞ്ചാര കേന്ദ്രം സഞ്ചാരികൾക്കായി തുറന്ന് കൊടുക്കുവാനുള്ള തീയതി നിശ്ചയിച്ചിട്ടുണ്ടോ; വിനോദസഞ്ചാരികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | മേൽ വിനോദ സഞ്ചാര കേന്ദ്രം സഞ്ചാരികൾക്ക് തുറന്ന് കൊടുക്കുവാൻ നിലവിൽ തീയതി നിശ്ചയിച്ചിട്ടില്ല. വനസംരക്ഷണ സമിതിയുടെ സ്ഥിരം കമ്മിറ്റി നിലവിൽ വന്നതിനുശേഷം, സമിതിയുടെ തീരുമാന പ്രകാരവും, വനം വകുപ്പിന്റെ അംഗീകാരവും ലഭ്യമായതിനുശേഷം മാത്രമേ മീൻമുട്ടി വിനോദ സഞ്ചാര കേന്ദ്രം സഞ്ചാരികൾക്ക് തുറന്നു കൊടുക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ, മേൽ വിനോദ സഞ്ചാര കേന്ദ്രത്തിൽ നിലവിൽഅടിസ്ഥാനസൗകര്യങ്ങളും, സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ